"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - കാംകോ, കെയ്കോ, റെയ്ഡ്കോ എന്നീ സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കുന്ന കാർഷിക യന്ത്രങ്ങളും/ഉപകരണങ്ങളും കൃഷി വകുപ്പിനായി നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഐ.എഫ്.എ) വകുപ്പ്**

സ.ഉ.(സാധാ) നം.121/2022/AGRI തീയതി, തിരുവനന്തപുരം, 16-02-2022

---

പരാമർശം:- 1. 25.05.2017-ലെ സ.ഉ (സാധാ) നം.30/2017/എസ്.പി.ഡി

2. 06.07.2017-ലെ സ.ഉ (സാധാ) നം.39/2017/എസ്.പി.ഡി

3. 20.10.2018-ലെ സ.ഉ (സാധാ) നം.1047/2018/കൃഷിച

4. റെയ്ഡ്കോ മാനേജിങ് ഡയറക്ടറുടെ 01.11.2019-ലെ സി.എം/10/19-20 നമ്പർ കത്ത്.

5. കെയ്കോ മാനേജിങ് ഡയറക്ടറുടെ 07.11.2019-ലെ KAICO/ HO.Tech /Machinery /201 നമ്പർ കത്ത്.

6. കാംകോ മാനേജിങ് ഡയറക്ടറുടെ 28.06.2021-ലെ KAMC/ MD/MKTG നമ്പർ കത്ത്

7. കൃഷി ഡയറക്ടറുടെ 20.07.2021-ലെ റ്റിജി II (I) 42725/18 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അഗ്രോ സർവ്വീസ് സെന്ററുകൾക്കാവശ്യമായ കാർഷിക യന്ത്രോപകരണങ്ങൾ റെയ്ഡ്കോയിൽ നിന്നോ കാംകോയിൽ നിന്നോ ടെണ്ടർ നടപടികളില്ലാതെ നേരിട്ട് വാങ്ങുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 ഇളവ് ചെയ്ത് ഒരു വർഷത്തേയ്ക്ക് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ കെയ്കോയെ കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തിയിരുന്നു. കൃഷി വകുപ്പ് നടപ്പിലാക്കുന്ന എല്ലാ പദ്ധതികൾക്കും ആവശ്യമായ കാർഷിക യന്ത്രോപകരണങ്ങൾ ടെണ്ടർ നടപടികൾ ഇല്ലാതെ കാംകോ, റെയ്ഡ്കോ, കെയ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 ഇളവ് ചെയ്ത് ഒരു വർഷത്തേയ്ക്ക് കൂടി അനുമതി നൽകി പരാമർശം (3) പ്രകാരവും ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ കാലാവധി 19.10.2019-ന് അവസാനിച്ചതിനാൽ ആയത് ഒരു വർഷം കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് റെയ്ഡ്കോ, കെയ്ക്കോ, കാംകോ സ്ഥാപന മേധാവികൾ പരാമർശം (4), (5), (6) കത്തുകൾ പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. കൃഷി വകുപ്പിന്റെ പദ്ധതികൾക്കായി കാംകോ, റെയ്ഡ്കോ, കെയ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുമ്പോൾ ടെണ്ടർ നടപടികൾ വഴിയുള്ള കാലതാമസം ഒഴിവാക്കാൻ കഴിയുന്നുണ്ടെന്നും, ഈ സ്ഥാപനങ്ങൾ സ്പെയർ പാർട്സുകൾ കുറഞ്ഞ വിലയിൽ നൽകുന്നതോടൊപ്പം വിൽപ്പനാനന്തര സേവനം ഉറപ്പുവരുത്തുന്നതായും പരാമർശം (7) പ്രകാരം കൃഷി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാംകോ, കെയ്കോ, റെയ്ഡ്കോ എന്നീ സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കുന്ന കാർഷിക യന്ത്രങ്ങളും/ ഉപകരണങ്ങളും കൃഷി വകുപ്പിനായി നേരിട്ട് വാങ്ങുന്നതിന്, **സ്റ്റോർസ് പർച്ചേസ് മാന്വൽ ഖണ്ഡിക 9.23-ലെ വ്യവസ്ഥകൾക്ക് ഇളവനുവദിച്ച്, ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി, ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

i. ഇളവിലൂടെ വാങ്ങുന്ന യന്ത്ര സാമഗ്രികളുടെ വില വിപണി വിലയുമായി താരതമ്യം ചെയ്ത് താരതമ്യേന വില കുറവുള്ളതാണെന്ന് പർച്ചേസിംഗ് ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.
ii. മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്വന്തമായി നിർമ്മിക്കാത്ത കാർഷിക യന്ത്രങ്ങളും സാമഗ്രികളും വാങ്ങുമ്പോൾ സ്റ്റോർസ് പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പി എം അലി അസ്ഗർ പാഷ ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കാംകോ, അത്താണി, എറണാകുളം.
മാനേജിംഗ് ഡയറക്ടർ, കെയ്കോ, കിസാൻ ജ്യോതി, ഫോർട്ട്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, റെയ്ഡ്കോ, എസ്.പി.സി.എ റോഡ്, പി.ബി.നമ്പർ 407, കണ്ണൂർ - 02.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), തിരുവനന്തപുരം
സ്റ്റോർ പർച്ചേസ് വകുപ്പ് [UO (R) SPD-B3/13/2020-SPD തീയതി:19.01.2022 പ്രകാരം]
സഹകരണ വകുപ്പ്
വിവര പൊതു ജന സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ /ഓഫീസ് കോപ്പി.
പകർപ്പ്:-

കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
കാർഷികോത്പാദന കമ്മീഷണറുടെ പി.എ-യ്ക്ക്.
സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്.
കൃഷി വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്.
കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്.

ഉത്തരവിൻ പ്രകാരം

**Signed by Manesh C M**
**Date: 16-02-2022 17:10:17**

സ.ഉ.(സാധാ) നം.121/2022/AGRI

സെക്ഷൻ ഓഫീസർ